പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3748. 26-06-2012 ന് മറുപടിയ്ക്ക്

റാപ്പിഡ് റെസ് പോൺസ് ടീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) കേരളത്തിൽ വനം വകുപ്പിന്റെ കീഴിൽ എത്ര റാപ്പിഡ് റെസ് പോൺസ് ടീമുകൾ (ആർ.ആർ.ടി) പ്രവർത്തിക്കുന്നു എന്നും അത് എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ ; | എ) വനം വകുപ്പിന്റെ കീഴിൽ 8 ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| ബി) പ്രസ്തുത ആർ.ആർ.ടി. കളുടെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | ബി) റാപ്പിഡ് റെസ് പോൺസ് ടീമിന്റെ ചുമതലകൾ താഴെ പറയുന്നവയാണ്.<br>1. കൃഷിനാശം റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിലേക്ക് എത്രയും പെട്ടെന്ന് എത്തിച്ചേരുകയും അവിടുത്തെ പ്രാദേശിക ജീവനക്കാരുടെയും വാച്ചർമാരുടെയും വി.എസ്. എസ് / ഇ.ഡി.സി. അംഗങ്ങളുടെയും സഹായത്തോടെ പ്രതിരോധ നടപടികൾ കൈക്കൊണ്ട് കാട്ടാനകൾ കാട്ടിലേക്ക് തന്നെ തിരികെ പോയി എന്ന് ഉറപ്പ് വരുത്തുക.<br>2. കൃഷിനാശം വരുത്തുന്നത് ഒറ്റയാനായ കാട്ടാന യാണെങ്കിൽ അതിനെ തിരികെ കാട്ടിലേക്ക് തുരത്തിയോടിക്കുന്നതിനുള്ള ശ്രമം വിഫലമാവുന്ന പക്ഷം ടി കാട്ടാനയെ മയക്കുവെടി വെച്ച് തിരികെ കാട്ടിലേക്ക് വിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. |

3. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി ആ പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസറുമായി ബന്ധപ്പെട്ട് പോലീസിന്റെ സഹായം തേടുക.
4. എല്ലാ പ്രവർത്തനങ്ങളുടെയും റിപ്പോർട്ടുകൾ അപ്പപ്പോൾ ലഭ്യമാക്കി മറ്റുപ്രദേശങ്ങളിലെ ഓഫീസർമാരുമായി ഏകോപനം നടത്തുക.
5. കാട്ടാനകളുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ സ്ഥിരമായി പട്രോളിംഗ് നടത്തി ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, കയ്യാലകൾ എന്നിവ പരിശോധിച്ചും പൊതുജന ങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണ്ട മുൻകരുതലുകളെടുക്കുക.

സി) ആർ.ആർ.ടി. കളുടെ പ്രവർത്തനങ്ങളിലൂടെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും പൊതുജനങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിഞ്ഞതായി വിലയിരുത്തിയിട്ടുണ്ടോ;

സി) ഉണ്ട്.

ഡി) ഓരോ ആർ.ആർ.ടി. യിലും എതൊക്കെ റാങ്കി ലുള്ള എത്ര വീതം ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ; ആർ.ആർ.ടി.കളിലെ ഉദ്യോഗസ്ഥരെ മറ്റ് ജോലികൾക്ക്

ഡി) അതത് പ്രദേശത്തെ റെയിഞ്ചോഫീസറുടെ നേതൃത്വ ത്തിലാണ് ഓരോ റാപ്പിഡ് റെസ് പോൺസ് ടീമും പ്രവർത്തിക്കുന്നത്. ഓരോ ടീമിലും ജോലി ചെയ്യുന്ന

| | |
|---|---|
| നിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | | |
|---|---|---|---|---|
| 1 | വയനാട് | 1 ഡെപ്യൂട്ടി റെയിഞ്ചർ | 2 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |
| 2 | കണ്ണൂർ | 1 ഡെപ്യൂട്ടി റെയിഞ്ചർ | 2 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |
| 3 | പാലക്കാട് | 1 ഡെപ്യൂട്ടി റെയിഞ്ചർ | 2 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |
| 4 | നിലമ്പൂർ | 1 ഡെപ്യൂട്ടി റെയിഞ്ചർ | 2 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |
| 5 | റാന്നി | 1 ഡെപ്യൂട്ടി റെയിഞ്ചർ | 2 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |
| 6 | കോഴിക്കോട് | 1 ഡെപ്യൂട്ടി റെയിഞ്ചർ | 1 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |
| 7 | മണ്ണാർക്കാട് | | 2 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |
| 8 | പേപ്പാറ | | 1 ഫോറസ്റ്റർ | 4 ഫോറസ്റ്റ് ഗാർഡ് |

കൂടാതെ ആവശ്യാനുസരണം ദിവസക്കൂലി വാച്ചർമാരും വാഹനത്തിന്റെ ഡ്രൈവറും ഓരോ ടീമിനോടൊപ്പം ജോലി ചെയ്യുന്നുണ്ട്. റാപ്പിഡ് റെസ്പോൺസ് ടീമുകളിലെ ഉദ്യോഗസ്ഥരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | |
|---|---|
| ഇ) ഇതിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിന് സഹായകരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ ; | ഇ) ഉണ്ട്. |
| എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ആർ.ആർ.ടി. കൾക്കും എത്ര തുക വീതം അനുവദിച്ചുവെന്നും അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ ; | എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ആർ.ആർ.ടി. കൾക്കും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ആർ.ആർ.റ്റി. | അനുവദിച്ച തുക |
|---|---|---|
| 1 | വയനാട് | 5.00 ലക്ഷം |
| 2 | കണ്ണൂർ | 5.00 ലക്ഷം |
| 3 | പാലക്കാട് | 5.00 ലക്ഷം |
| 4 | നിലമ്പൂർ | 5.00 ലക്ഷം |
| 5 | റാന്നി | 5.00 ലക്ഷം |
| 6 | കോഴിക്കോട് | 0.80 ലക്ഷം |

| | |
|---|---|
| | കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നീ RRT കൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ രൂപീകരിച്ചവയാണ്. മേൽ പരാമർശിച്ച തുകകൾ മുഴുവനും എല്ലാ RRT കളും ചിലവഴിച്ചിട്ടില്ല. |
| ജി) ആർ.ആർ.ടി. കൾക്ക് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചതായി വകുപ്പിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; | ജി) ബോദ്ധ്യപ്പെട്ടിട്ടില്ല. |
| എച്ച് ) ആർ. ആർ.ടി. കളിലെ ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം കണക്കാക്കിയിട്ടുണ്ടോ ? | എച്ച് ) പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ